**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1075** **30-06-2022 - ൽ മറുപടിയ്ക്ക്**

**തൊടുപുഴ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തൊടുപുഴ മണ്ഡലത്തിലെ മുട്ടം, കരിങ്കുന്നം ഗ്രാമപഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതികൾക്ക് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; | (എ) | ഇടുക്കി ജില്ലയിലെ തൊടുപുഴ അസംബ്ലി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന മുട്ടം, കരിങ്കുന്നം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയ്ക്ക് 07.05.2021 ലെ ജി.ഒ(ആർ.റ്റി)നമ്പർ 280/2021/ഡബ്ല്യൂ.ആർഡി ഉത്തരവ് പ്രകാരം നബാർഡ്-ആർ.ഐ.ഡി.എഫ്-XXVI വാട്ടർ സപ്ലൈ പ്രോജക്റ്റിൽ ഉൾപ്പെടുത്തി 6114ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; | (ബി) | പ്രസ്തുത പ്രവൃത്തിക്ക് 30.11.2021 ൽ നാല് പാക്കേജുകളിലായി 59.43 കോടി രൂപയ്ക്ക് വാട്ടർ അതോറിറ്റി മധ്യമേഖല ചീഫ് എഞ്ചിനീയർ സാങ്കേതികാനുമതി നല്കിയിരുന്നു. എന്നാൽ, മറ്റത്തിപ്പാറ, പൊന്നന്താനം, കണ്ണാടിപ്പാറ എന്നിവിടങ്ങളിൽ ടാങ്കുകൾ പണിയുന്നതിനുള്ള ഭൂമി ലഭ്യമല്ലാതിരുന്നതിനാൽ പ്രവൃത്തി ടെണ്ടർ ചെയ്യാൻ സാധിച്ചില്ല. പിന്നീട് ശുദ്ധീകരണശാലയുടെ ഡീറ്റെയിൽഡ് ഡിസൈൻ ഉൾപ്പെടെ അടങ്കൽ പുതുക്കി നിശ്ചയിച്ച്, സാങ്കേതികാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | മറ്റത്തിപ്പാറ ടാങ്കിനുള്ള സ്ഥലം കൂടി ലഭ്യമാകാനുണ്ട്. സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. സ്ഥലം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ടെണ്ടർ ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ